**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6486

03/04/2018-ലെ മറുപടി

**ചാത്തമംഗലം, മാവൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നതിന് പദ്ധതി**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| എ) വാട്ടർ അതോറിറ്റിക്ക് കീഴിലെ കൂളിമാട് പ്ലാന്റിന്റെ പൂർണ്ണ ശേഷി ഉപയോഗപ്പെടുത്തിക്കൊണ്ട് ചാത്തമംഗലം, മാവൂർ തുടങ്ങിയ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നതിന് പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| ബി) സ്കീമിന്റെ കീഴിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത് എന്ന് വിശദമാക്കാമോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (ബി) ഈ സ്കീമിന്റെ കീഴിൽ ചാത്തമംഗലം, മാവൂർ, കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി, കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകളും മുക്കം, കൊടുവള്ളിഎന്നീ മുനിസിപ്പാലിറ്റികളും ആണ് ഉൾപ്പെടുന്നത്. കൂളിമാട് പ്ലാന്റിൽ നിന്നും വെള്ളം പമ്പ് ചെയ്ത് ചാത്തമംഗലം പഞ്ചായത്തിലെ താന്നിക്കോട് മലയിൽ നിർമ്മിക്കുന്ന സംഭരണിയിൽ എത്തിക്കുന്നു. ഇതിൽ നിന്നും ചാത്തമംഗലം പഞ്ചായത്തിനും മുക്കം മുനിസിപ്പാലിറ്റിയുടെ പകുതി ഭാഗത്തും ജലവിതരണശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം നടത്താൻ ഉദ്ദേശിക്കുന്നു. കാരശ്ശേരി പഞ്ചായത്തിൽ എള്ളങ്ങൾ എന്ന സ്ഥലത്ത് ഒരു ജലസംഭരണി നിർമ്മിച്ച് ഇതിൽ നിന്നും കാരശ്ശേരി പഞ്ചായത്തിലും മുക്കം മുനിസിപ്പാലിറ്റിയുടെ ബാക്കി ഭാഗത്തും കൊടിയത്തൂർ പഞ്ചായത്തിന്റെ പകുതി ഭാഗത്തും ജലവിതരണശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം കൂളിമാട് പ്ലാന്റിലെ നിലവിലുള്ള ജലസംഭരണിയിൽ നിന്നും മാവൂർ പഞ്ചായത്തിലും കൊടിയത്തൂർ പഞ്ചായത്തിന്റെ ബാക്കി ഭാഗത്തും ജലവിതരണശൃംഖലകൾ സ്ഥാപിച്ച് ജലവിതരണം നടത്താനും ഉദ്ദേശിക്കുന്നു. കൂടാതെ ചാത്തമംഗലം പഞ്ചായത്തിലെ താന്നിക്കോട് മലയിൽ നിന്നും ഡിസ്ട്രിബ്യൂഷൻ മെയിൻ സ്ഥാപിച്ച് കൊടുവള്ളി മുനിസിപ്പാലിറ്റി, കിഴക്കോത്ത്, മടവൂർ, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സംഭരണികളിൽ വെള്ളം എത്തിച്ച് പ്രസ്തുത പഞ്ചായത്തുകളിലും ജലവിതരണശൃംഖല സ്ഥാപിച്ച് ജലം വിതരണം നടത്താനും വിഭാവനം ചെയ്യുന്നു. |
| സി) പ്രസ്തുത പദ്ധതിയ്ക്ക് എത്രരൂപയാണ് മതിപ്പ ചെലവ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) 297 കോടി രൂപ. |

Renuka Sankar

സെക്ഷൻ ഓഫീസർ